മദ്യഷാപ്പുകൾക്ക് ലൈസൻസ്

* 103 [105] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ:

,, കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986-87 വർഷത്തേയ്ക്ക് ലേലം ചെയ്തു കൊടുത്ത എല്ലാ മദ്യഷാപ്പുകൾക്കും ലൈസൻസ് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതുവരെ ലൈസൻസ് നൽകിയിട്ടില്ലാത്ത കള്ള്, ചാരായം, വിദേശമദ്യം എന്നീ ഓരോ ഇനത്തിലുമുള്ള ഷാപ്പുകൾ എത്ര;

(സി) ലൈസൻസ് നൽകാനുള്ള കാലതാമസത്തിന് കാരണമെന്ത്?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഇല്ല.

(ബി) കള്ളുഷാപ്പുകൾ .. 271
ചാരായ ഷാപ്പുകൾ .. 113
വിദേശമദ്യ ചില്ലറ വിൽപ്പന ഷാപ്പുകൾ .. 11
വിദേശമദ്യ മൊത്ത വിൽപ്പന ഷാപ്പുകൾ .. 3

(സി) അബ്കാരി ലേല വിൽപ്പന ചട്ടങ്ങൾ അനുസരിച്ച് മദ്യഷാപ്പുകൾ സ്ഥാപിക്കാൻ അനുവദനീയമായ സ്ഥലം ഷാപ്പുടമകൾ കണ്ടെത്താത്തതിനാലാണ് ലൈസൻസ് നൽകുവാൻ കാലതാമസമുണ്ടാകുന്നത്.

1985-86-ൽ നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ

* 104 [106] ശ്രീ. വി. കെ. രാജൻ:

,, പി. കുമാരൻ:

,, കെ. ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985-86-ൽ സംസ്ഥാനത്ത് ലോക്കൗട്ട് മൂലവും പണിമുടക്കു മൂലവും നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങൾ എത്ര;

(ബി) അതിൽ ലോക്കൗട്ട് മൂലം എത്ര; പണിമുടക്കുമൂലം എത്ര;

(സി) 1986 മേയ് 31 വരെ പരിഹരിക്കപ്പെടാത്ത തൊഴിൽ തർക്കങ്ങൾ എത്ര?

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ.ശിവദാസൻ):

(എ) 16,22,079

(ബി) ലോക്കൗട്ട് മൂലം 5,11,987.

പണിമുടക്കു മൂലം 11,10,092.

(സി) 3,882 (1986 മാർച്ച് 31 വരെ) ഏപ്രിൽ, മേയ് മാസങ്ങളിലെ വിവരം ശേഖരിച്ചു വരുന്നു.

മദ്യഷാപ്പുകൾക്ക് ആരാധനാലയങ്ങളിൽ നിന്നുമുള്ള അകലം

*105 [107] ശ്രീ. ഇ. ജെ. ലൂക്കോസ്:

ശ്രീ. വി. വി. ജോസഫ്:

ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യഷാപ്പുകൾ ആരാധനാലയങ്ങളിൽനിന്നും വിദ്യാലയങ്ങളിൽനിന്നും എത്ര അകലത്തിൽ പ്രവർത്തിക്കണമെന്നാണ് നിബന്ധന;

(ബി) ഇത് കർശനമായി നടപ്പാക്കുന്നുണ്ടോ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) കള്ള്, ചാരായം, വിദേശമദ്യ ചില്ലറ വിൽപ്പന എന്നീ ഷാപ്പുകൾ ആരാധനാലയങ്ങളിൽനിന്നും വിദ്യാലയങ്ങളിൽനിന്നും 400 മീറ്റർ അകലത്തിലും, വിദേശമദ്യ മൊത്ത വിൽപ്പനശാലകളും വിദേശമദ്യ ബാറുകളും 200 മീ. അകലത്തിലും പ്രവർത്തിക്കണമെന്നാണ് നിബന്ധന.

(ബി) ഉണ്ട്.

കതവടപ്പ്

(Lockouts)

*106 (108) ശ്രീ. ഇ. ചന്ദ്രശേഖരൻ: തൊഴിൽ വകുപ്പുമന്ത്രി ദയവുചെയ്ത് വിശദീകരിക്കുമോ:

(എ) കഴിഞ്ഞ വർഷത്തിൽ സംസ്ഥാനത്തുള്ള എത്ര തൊഴിൽശാലകളിൽ കതവടപ്പ് നടന്നിട്ടുണ്ട്;

(ബി) ആ കതവടപ്പുകൾ മാറ്റാൻ സർക്കാർ എടുത്ത നടപടികൾ എന്തെല്ലാം?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 16.

(ബി) മേൽപ്പറഞ്ഞ 16 ഫാക്ടറികളിൽ 3 എണ്ണത്തിൽ ഇപ്പോഴും ലോക്കൗട്ട് നിലവിലുണ്ട്. പ്രസ്തുത ഫാക്ടറികളിൽ ലോക്കൗട്ട് പിൻവലിക്കുന്നതിനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly